(ബി) എല്ലാ വകുപ്പുകൾക്കും പ്രിൻസിപ്പൽ സെക്രട്ടറിമാരുണ്ടോ;

(സി) ഈ വകുപ്പുകളിലെല്ലാം ശാസ്ത്രീയമായ അധികാര വികേന്ദ്രീകരണം നടത്തിയിട്ടുണ്ടോ;

(ഡി) ഓരോ വകുപ്പും ഒരേ ഹാളിൽത്തന്നെയാണോ, അതോ സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ വിവിധ ഭാഗങ്ങളിലാണോ വിന്യസിച്ചിട്ടുള്ളത്;

(ഇ) സെക്രട്ടേറിയറ്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓരോ വകുപ്പിനേയും വിവിധ സെക്ഷനുകളേയും ഭരണ സൗകര്യത്തിനുതകുംവിധം കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ അതെന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പുതുതായി രൂപീകരിച്ച ടൂറിസം വകുപ്പ് ഉൾപ്പെടെ സംസ്ഥാന സെക്രട്ടേറിയറ്റിൽ (നിയമസഭാ സെക്രട്ടേറിയറ്റ് ഒഴികെ) 37 വകുപ്പുകൾ ഉണ്ട്. ഇതിനുപുറമേ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ വകുപ്പുകൾ യഥാക്രമം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റേയും, റവന്യൂ വകുപ്പിന്റേയും കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഈ വകുപ്പുകൾക്കായി ഒരു ചീഫ് സെക്രട്ടറിയും 3 അഡീഷണൽ ചീഫ് സെക്രട്ടറിമാരും 13 പ്രിൻസിപ്പൽ സെക്രട്ടറിമാരും, സ്പെഷ്യൽ സെക്രട്ടറിമാർ ഉൾപ്പെടെ 20 സെക്രട്ടറിമാരും 10 അഡീഷണൽ സെക്രട്ടറിമാരുമുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) & (ഇ) സ്ഥലദൗർലഭ്യംമൂലം ഓരോ വകുപ്പിനും കീഴിലുള്ള എല്ലാ സെക്ഷനുകളും ഒരേ ഹാളിൽത്തന്നെ വിന്യസിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഭരണ സൗകര്യത്തിന് ഉതകുംവിധം ഒരേ വകുപ്പിന് കീഴിലുള്ള കഴിയുന്നത്ര സെക്ഷനുകൾ അടുത്തടുത്തായി വിന്യസിച്ചിട്ടുണ്ട്.

തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥാപിക്കാൻ നടപടി

74 [4] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് നിരവധി ട്രാൻസ്പോർട്ട് വാഹനങ്ങൾ എത്തിച്ചേരുന്ന മെഡിക്കൽ കോളേജ് ജംഗ്ഷനിൽ മതിയായ സ്ഥലം വിട്ടു നൽകുകയാണെങ്കിൽ ട്രാൻസ്പോർട്ട് ഡിപ്പോ സ്ഥാപിക്കാമെന്ന് കെ.എസ്.ആർ.ടി.സി.-യുടെ വാഗ്ദാനം സമ്മതിച്ചിട്ടുണ്ടെന്നത വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രാൻസ്പോർട്ട് ഡിപ്പോയ്ക്കായി തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലമേറ്റെടുത്ത് നൽകുന്നത് പരിഗണിക്കുമോ?

GPM. 2/564/2012—16

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആവശ്യമായ സ്ഥലവും മറ്റു സൗകര്യങ്ങളും ലഭ്യമായാൽ മെഡിക്കൽ കോളേജ് പരിസരത്ത് ഡിപ്പോ സ്ഥാപിക്കാമെന്ന കെ.എസ്.ആർ.ടി.സി.-യുടെ വാഗ്ദാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

മന്ത്രിമാരുടെ വിവിധ ചെലവുകൾ

75 [14] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കാൻ ഓരോ മന്ത്രിമാർക്കും എന്തു തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ഓരോ മന്ത്രിയും ടെലിഫോൺ ചാർജ്, അതിഥിസത്ക്കാരം, യാത്രപ്പടി എന്നീ ഇനങ്ങളിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഏതെല്ലാം മന്ത്രിമാരും, എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും, എന്തെല്ലാം കാര്യങ്ങൾക്കായി, എത്ര തവണവീതം വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും, ഇതിനായി എന്ത് തുക വീതം സർക്കാർ ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിച്ച വകയിൽ ചെലവായ തുക

76 [15] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിനുവേണ്ടി എത്ര തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി; എത്ര തുക ഇതിനകം ചെലവാക്കി; മന്ത്രിമന്ദിരങ്ങൾ തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനുമുമ്പ് പ്രസ്തുത മന്ദിരങ്ങൾ മോടിപിടിപ്പിച്ചത് എപ്പോഴാണ് എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly